നം. സി.ജനറൽ(1)68664/2012/സി.ജി.ഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം –12
തീയതി. 09/05/2013

# സർക്കുലർ

**വിഷയം– എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2013– സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത് – സംബന്ധിച്ച്.**

**സൂചന–**

2013 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷാനടത്തിപ്പ് വിജയകരമായി പൂർത്തീകരിച്ചിരിക്കുകയാണ്. പരീക്ഷാ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട സ്കൂൾ മുഖാന്തിരം പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിലേയ്ക്കായി ഇതോടൊപ്പം അയയ്ക്കുന്നു. സർട്ടിഫിക്കറ്റുകളുടെ കുറ്റമറ്റതും കാര്യക്ഷമവുമായ വിതരണം ഉറപ്പ് വരുത്തുന്നതിന് താഴെ പറയുന്ന ചുമതലകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർവ്വഹിക്കേണ്ടതാണ്.

1. പരീക്ഷാഭവനിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് കെട്ടുകളിൽ താങ്കളുടെ വിദ്യാഭ്യാസ ജില്ലയിലെ മുഴുവൻ സ്കൂളുകളിലെയും സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. സർട്ടിഫിക്കറ്റുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ എത്തിയ ഉടൻ തന്നെ മുഴുവൻ സ്കൂളുകൾക്കും വിവരം നൽകി അടിയന്തിരമായി സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങാൻ നിർദ്ദേശം നൽകേണ്ടതാണ്.

3. സർട്ടിഫിക്കറ്റുകൾ സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിന് ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങാനായി താങ്കളുടെ വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ നിന്നും വരുന്ന ഉദ്യോഗസ്ഥൻ **തന്റെ സെന്ററിൽ പരീക്ഷ എഴുതിയ മുഴുവൻ കുട്ടികളുടേയും (SGC, PCN, PCO) സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടുണ്ടെന്നും അതോടൊപ്പം സർട്ടിഫിക്കറ്റുകൾ കേടുപാടില്ലാത്തതാണെന്നും ഉറപ്പ് വരുത്തേണ്ടതാണ്.** അതിനുശേഷം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് വിതരണ പുസ്തകത്തിൽ **കൈപ്പറ്റിയ സർട്ടിഫിക്കറ്റുകളുടെ എണ്ണം രേഖപ്പെടുത്തി ടി ഉദ്യോഗസ്ഥന്റെ ഒപ്പ് പതിപ്പിച്ചശേഷം** മാത്രമേ സർട്ടിഫിക്കറ്റ് നൽകാവു.

4. ഏതെങ്കിലും പരീക്ഷാർത്ഥിയുടെ സർട്ടിഫിക്കറ്റ് ഇല്ലാതിരിക്കുകയോ, കേടുപാടുള്ളതായി കാണുകയോ ചെയ്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്ന് സർട്ടിഫിക്കറ്റ് കൊണ്ടുപോകുന്നതിനു മുമ്പ് തന്നെ അക്കാര്യം DEO യുടെ ശ്രദ്ധയിൽപ്പെടുത്തി പരീക്ഷാഭവനിലേയ്ക്ക് ഇ–മെയിൽ ചെയ്യേണ്ടതുമാണ്. (pareekshabhavancgl@gmail.com)

5. **പ്രൈവറ്റ് വിഭാഗം വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ (PCN, PCO)** അതാത് സെന്ററുകളുടെ കെട്ടിൽ ഉൾപ്പെടുത്താതെ പ്രത്യേക പാക്കറ്റായി ലഭിക്കുകയാണെങ്കിൽ ബന്ധപ്പെട്ട രജിസ്റ്ററിൽ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തി സ്കൂൾ ഗോയിംഗ് വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിനോടൊപ്പം വിതരണം ചെയ്യേണ്ടതാണ്.

6. ഏതെങ്കിലും സ്കൂളിന്റെ സർട്ടിഫിക്കറ്റുകൾ ഇല്ലാതിരിക്കുകയോ, ഏതെങ്കിലും സ്കൂളിന് അധികം സർട്ടിഫിക്കറ്റ് ലഭിക്കുകയോ, താങ്കളുടെ വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടാത്ത ഏതെങ്കിലും സ്കൂളിന്റെ സർട്ടിഫിക്കറ്റുകൾ ലഭിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അടിയന്തിരമായി പരീക്ഷാഭവനുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

7. സർട്ടിഫിക്കറ്റിൽ ഏതെങ്കിലും രീതിയിലുള്ള തിരുത്തലുകൾ കാരണം മാറ്റി നൽകേണ്ടതുണ്ടെങ്കിൽ അത്തരം സർട്ടിഫിക്കറ്റുകൾ 3/06/2013 തീയതിയ്ക്കകം ജില്ലാവിദ്യാഭ്യാസ ഓഫീസിൽ എത്തിക്കുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഈ രീതിയിൽ എല്ലാ സ്കൂളുകളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ശേഖരിച്ച് ലിസ്റ്റു സഹിതം ഒരു പ്രത്യേക ദൂതൻ വഴി പരീക്ഷാഭവനിൽ 5/06/2013 തീയതിയ്ക്കകം എത്തിക്കേണ്ടതാണ്.

**<u>പ്രഥമാദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ</u>**

1. സർട്ടിഫിക്കറ്റുകളിൽ ഏതെങ്കിലും രീതിയിലുള്ള ന്യൂനതകൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ആയത് തിരുത്തുന്നതിന് ഇത് സംബന്ധിച്ച കത്ത് പ്രഥമാദ്ധ്യാപകന്റെ സഹിതം ജില്ലാ വിദ്യാഭ്യാസ ഓഫീസ് വഴി പരീക്ഷാഭവനിലേയ്ക്ക് എത്തിക്കേണ്ടതാണ്.

2. പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികളുടെയും സർട്ടിഫിക്കറ്റുകളിൽ **(SGC, PCN, PCO) ലഭിച്ചിട്ടുണ്ടെന്നും ടി സർട്ടിഫിക്കറ്റുകളിൽ** ഓഫീസ് മുദ്ര പതിച്ചിട്ടുണ്ടെന്നും പരീക്ഷാ സെക്രട്ടറിയുടെ ഒപ്പ് പ്രിന്റ് ചെയ്ത് വന്നിട്ടുണ്ടെന്നും ഫോട്ടോ ശരിയായ രീതിയിൽ തന്നെയാണ് പതിഞ്ഞിട്ടുള്ളതും സർട്ടിഫിക്കറ്റുകൾ കേടുപാടുകൾ ഇല്ലാത്തതാണെന്നും വിതരണത്തിന് മുൻപ് ഉറപ്പു വരുത്തേണ്ടതാണ്.

3. സർട്ടിഫിക്കറ്റിൽ ഫോട്ടോ ഇല്ലാതെയോ, ഫോട്ടോ തെളിയാതെയോ വന്നിട്ടുണ്ടെങ്കിൽ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന Blank ICR Form ൽ ഫോട്ടോ ഒട്ടിച്ച് കുട്ടിയുടെ വിവരങ്ങൾ ചേർത്ത് യഥാർത്ഥ സർട്ടിഫിക്കറ്റ് സഹിതം പരീക്ഷാഭവനിൽ എത്തിക്കേണ്ടതാണ്.

4. ന്യൂനതയുള്ള സർട്ടിഫിക്കറ്റുകൾ ഒരു കാരണവശാലും പരീക്ഷാർത്ഥികൾക്ക് നൽകാൻ പാടുള്ളതല്ല. ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസ് വഴി പരീക്ഷാഭവനിലേയ്ക്ക് അയച്ച് ന്യൂനത പരിഹരിച്ചതിനുശേഷം മാത്രമേ നൽകാൻ പാടുള്ളൂ. അതിന്റെ പൂർണ്ണ ഉത്തരവാദിത്തം അതാത് ഹെഡ്മാസ്റ്റർമാർക്കായിരിക്കും.

5. **കറുത്ത മഷി ഉപയോഗിച്ച് മാത്രമേ സർട്ടിഫിക്കറ്റുകളിൽ ഒപ്പ് രേഖപ്പെടുത്താൻ പാടുള്ളൂ.**

6. മൂന്ന് മാസത്തിനകം കൈപ്പറ്റാത്ത സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തി പരീക്ഷാഭവനിലേയ്ക്ക് തിരിച്ച് അയയ്ക്കേണ്ടതാണ്.

7. **'സേ' പരീക്ഷയ്ക്കും പുനർ മൂല്യനിർണ്ണയത്തിനും അപേക്ഷിച്ച കുട്ടികളുടെ സർട്ടിഫിക്കറ്റുകൾ തൽക്കാലം വിതരണം നടത്തേണ്ടതില്ല.** 'സേ' പരീക്ഷ എഴുതിയ പരീക്ഷാർത്ഥികൾക്ക് 'സേ' പരീക്ഷയുടെ സർട്ടിഫിക്കറ്റാണ് വിതരണം ചെയ്യേണ്ടത്. പുനർ മൂല്യനിർണ്ണയത്തിലൂടെ ഗ്രേഡ് മെച്ചപ്പെടുത്തിയ പരീക്ഷാത്ഥികൾക്ക് പുതിയ ഗ്രേഡ് ഉൾപ്പെടുത്തിയ സർട്ടിഫിക്കറ്റാണ് വിതരണം ചെയ്യേണ്ടത്. ഗ്രേഡിൽ മാറ്റമൊന്നും വന്നില്ലെങ്കിൽ അത്തരം പരീക്ഷാർത്ഥികൾക്ക് 2013 മാർച്ചിലെ സർട്ടിഫിക്കറ്റ് തന്നെ നൽകിയാൽ മതി.

8. 2013 മേയ് മാസത്തിലെ 'സേ' പരീക്ഷയ്ക്കും 2013 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിനും ഒരുമിച്ച് അപേക്ഷിച്ച പരീക്ഷാർത്ഥികൾ പുനർമൂല്യനിർണ്ണയത്തിലൂടെ ഉന്നതപഠനത്തിനർഹത നേടിയാൽ 'സേ' പരീക്ഷാഫലം പരിഗണിക്കുന്നതല്ല. അത്തരം പരീക്ഷാർത്ഥികൾക്ക് പുതുക്കിയ ഗ്രേഡ് രേഖപ്പെടുത്തിയ 2013 മാർച്ചിലെ സർട്ടിഫിക്കറ്റാണ് വിതരണം ചെയ്യേണ്ടത്.

സെക്രട്ടറി

**എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**

**NB.:** **ഈ സർക്കുലറിനോടൊപ്പം തന്നിരിക്കുന്ന പ്രഥമാദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും പ്രഥമാധ്യാപകർക്ക് കൈമാറേണ്ടതാണ്.**